Mr. Speaker: In the light of the facts stated by the Chief Minister and as Government have taken due cognisance of the fact and urgent enquiries are going on. I withhold consent for moving of the adjournment motion:

Unrest prevailing among the plantation labourers.

Mr. Speaker: I have received another notice for a motion under rule 49 from Shri P. Balachandra Menon to adjourn the business of the House to discuss a matter of urgent public importance namely the continued offennsive policy of the employers and the Government on the workers resultingin discontentment and unrest. I call upon the Minister to state the facts.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): സർ, ബഹുമാനപ്പെട്ട മെമ്പർ, ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, സാധനങ്ങളുടെ വിലക്കയറ്റം, വർക്കലോഡു, ലാഡർ ടാപ്പിംഗ് എന്നീ പല കാര്യങ്ങളെപ്പറ്റിയും ചർച്ചചെയ്യണമെന്നാണാവശ്യപ്പെട്ടത്തു്. കുറച്ചു നാളായി ഈവക കാര്യങ്ങളെ സംബന്ധിച്ചു ഗവണ്മെൻറു ആലോചിച്ചു വരികയാണു്. ഇപ്പോൾ പ്രത്യേകമായി പ്ലാന്റേഷൻ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം 21-ാംതീയതി, പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. അതിന്മേൽ തീരുമാനങ്ങളും ചിലതു് ഉണ്ടായിട്ടില്ല. തീരുമാനം ഉണ്ടാക്കാൻ ഗവണ്മെൻറിന്റെ അടിയന്തിര ശ്രദ്ധ പതിപ്പിക്കാനാണു് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യം പലതാണു്. ഇതിൽ പുതുതായിട്ടൊന്നുമില്ല. പ്ലാന്റേഷൻ വർക്കലോഡിനെപ്പറ്റിയും, ലാഡർ ടാപ്പിംഗിനെ സംബന്ധിച്ചും ടെയിഡു യൂണിയൻ പ്രശ്നങ്ങളായതുകൊണ്ടു് അതിനെ സംബന്ധിച്ച മാറ്റങ്ങളും വരുത്തേണ്ട അവസരംവരുമ്പോൾ ഇരുകക്ഷികളെയും വിളിച്ചു തീരുമാനം എടുക്കേയാണു് പതിവു്. കുറേയൊക്കെ തീരുമാനം ഉണ്ടാകും, ബാക്കി ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി മുഖേനയോ, കോടതി മുഖേനയോ പരിഹരിക്കപ്പെടുകയും ചെയ്യും. 21-ാംതീയതി കൂടിയ കൺഫറൻസിലെ ചില കാര്യങ്ങളും നടപ്പാക്കിയില്ല എന്നു് അദ്ദേഹം പറയുകയുണ്ടായി. മാറി വരുന്ന പരിതഃസ്ഥിതികളിൽ, പ്ലാന്റേഷൻ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും മേഖലയിൽ വരുത്തണമെങ്കിൽ പ്രത്യേകം ആലോചിച്ചു രമ്യമായി കൊണ്ടുപോകാനുള്ള ശ്രമം ഗവണ്മെൻറു ചെയ്യുവരുന്നുണ്ടു്.

പിന്നെ ഒന്നു, ന്യായവില ഷാപ്പുകളെപ്പറ്റിയാണു് പറയുന്നതു്. കണ്ണൻ ദേവൻ കമ്പനിക്കാർ, നിത്യോപയോഗ സാധനങ്ങളും വിലകുറച്ചു ആവശ്യത്തിനിടത്തോളം വിതരണം ചെയ്യാൻ വേണ്ട ഏർപ്പാടു ചെയ്തിരുന്നു. കൺസ്യൂമേഴ്സ് സൊസൈറ്റി ഉണ്ടാക്കി സാധനങ്ങളും വിതരണംചെയ്യുന്ന കാര്യം ഉടമകൾക്കു് അത്ര സമ്മതമുള്ളതായി കാണുന്നില്ല. കേന്ദ്ര ഗവണ്മെൻറുതന്നെ ഈയിടെ പാർലമെൻറിൽ പ്രസ്താവിക്കുകയുണ്ടായി, ഫെയർ പ്രൈസ് ഷാപ്പുകളും തുടങ്ങുന്നതിനു അവർ മുമ്പോട്ടു വരുന്നില്ലെങ്കിൽ അതിനാവശ്യമായ നിയമനിർമ്മാണംനടത്തി അതു പ്രയോഗത്തിൽവരുത്തണമെന്നു്. അതനുസരിച്ചു സ്റ്റേറ്റു ഗവണ്മെൻറു വേണ്ട നടപടി നടത്താൻ തീരുമാനിച്ചു മുമ്പോട്ടു പോകുകയാണു്.

ട്രാൻസ്പോർട്ടിന്റെ കാര്യത്തെപ്പറ്റി പറഞ്ഞു, 21-ാംതീയതി കൂടിയ എംപ്ലോയീസു യൂണിയൻ കൺഫറൻസിൽ വച്ച ഡിമാൻഡുകളും ഗവണ്മെൻറു ലവലിൽ സാമാന്യമായി പരിശോധിച്ചുചെയ്യാവുന്ന കാര്യങ്ങളെപ്പറ്റി ചർച്ച നടത്തിയതിൽ പലതും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുള്ളതാകയാൽ ചെയ്യാൻ സാധ്യമല്ലെന്നു് അറിയിച്ചിട്ടുണ്ടു്. അതൊന്നും, വർക്ക കമ്മിറ്റിയും; സ്റ്റാഫു് കൗൺസിലും പ്രത്യേകം തീരുമാനിക്കേണ്ട പ്രശ്നങ്ങളല്ല. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനു മുൻപു ഗവണ്മെൻറു ചർച്ചചെയ്തിട്ടുള്ളതാണു്. ഇപ്പോൾ ഒരു അടിയന്തിരപ്രമേയമായി ചർച്ചചെയ്യാൻ കാര്യമൊന്നും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വേറൊന്നു പറഞ്ഞതു ഹോസ്പിറ്റൽ എംപ്ലായീസിനെപ്പറ്റിയാണു്. അതിൽ പല കാര്യങ്ങളും ഇതിനകം ചെയ്തുകഴിഞ്ഞു. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പി. എസ്. സി.യുടെ അംഗീകാരത്തിനയച്ചിരിക്കുകയാണു്. പരിയാരത്തെ ജോലിക്കാരെ സംബന്ധിച്ചാണെങ്കിൽ, നിവൃത്തിയുള്ളിടത്തോളം ജോലിക്കാക്ക് പ്രമോഷൻ കൊടുക്കുന്നതിനു്, സ്ഥിരമായി ജോലികൊടുക്കുന്നതിനു് മോഷകരമായ നയമല്ല ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതു്. നിവൃത്തിയുള്ളിടത്തോളം ഗവണ്മെൻറു ചെയ്യും. സാധിക്കാതെ വരുമ്പോൾ നല്ലവാക്കു പറഞ്ഞു്, ഒഴിവുവരുമ്പോൾ രണ്ടാമതു ജോലി കൊടുക്കുന്ന ഒരു നയമാണു് സ്വീകരിച്ചിട്ടുള്ളതു്. ഈ കാര്യത്തിൽ അടിയന്തിരമായി ഇപ്പോൾ ഒന്നും ഉണ്ടായിട്ടില്ല തൊഴിലാളികളെ ഒരു ലേബർ ആർമിയായിട്ടു സംഘടിപ്പിച്ചു കഴപ്പും ഉണ്ടാക്കാൻ ശ്രമിക്കുന്നതു് ഭാരതമാതാവിനെ സംബന്ധിച്ചിടത്തോളം നിർഭാഗ്യകരമായ ഒരു കാര്യമാണു്. എല്ലാ കാര്യത്തിലും സമാധാന പരമായ ഒരു സമീപനമാണു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു്. ആവുന്നിടത്തോളം അങ്ങനെ മുമ്പോട്ടു പോകുകയാണു്. ഇതു പ്രത്യേകം ഒരു അടിയന്തിര പ്രമേയമായി സ്വീകരിക്കേണ്ടതില്ല എന്നാണു് എനിക്കു് പറയാനുള്ളതു്.

Shri P. Balachandra Menon: Sir, the very basic question that there should be recognition of the majority union which we have been arguing and the refusal of the Government to accept the majority union inspite of repeated requests and settle the issue have really caused discontentment among the workers, and, certainly, that is a very serious problem which we should discuss; otherwise, there will be industrial unrest in the country. I have been repeatedly pointing out to the hon. Minister to accept that position.

The employers' offensive policy on the question of fair price shops in the plantations is another question which was not taken by this Government. That is why I want to tell that unless the Government seriously take note of it, unless the Government refuse to play into the the hands of the minority union and unless the Government give up the vindictive attitude which they have adopted, there is not going to be industrial peace here. You are responsible for the unrest in the Transport Department you are responsible for the agitation in the case of hospital workers. It is two and a half years since we have given a memorandum. You did not discuss it. You like to create problems here. You are creating industrial unrest. You are not prepared to discuss it seriously. There is going to be industrial discontentment for which we will not be responsible; but you will be responsible because your unfair practice. You are creating a bad situation here. Will you re-consider it? That is what I want to know.

Shri K. T. Achuthan: There is no question of ultimatum in this matter. It has not been specifically said that the majority unions will not be recognised. The principle has already been accepted by the Government of India. We are parties to it. We have done it in some cases, and we are gradually doing that. Sir, last time, he was saying that Government were showing a barbarous attitude. Such things cannot be found in Kerala, whatever be the position in other States.

Shri P. Balachandra Menon: The situation here is so bad. I challenge the Government to disprove it. I do not find any use in participating in the discussions in the Assembly and so I do not wish to take part in the proceedings of the Assembly.

LIBRARY ARCHIVES Kerala Legislative Assembly

(The Member then walked out of the House.)

Mr. Speaker : In the light of the facts stated by the Minister and on account of the action of the Member, I do not find it necessary to allow the motion being moved.

CALLING ATTENTION UNDER RULE 61

Delay in the Disbursement of grant to some Libraries

Mr. Speaker: I have received a notice under Rule 61 from Smt. Kusumom regarding the sanction of grants to Libraries. This is a matter which have been brought here several times. However, the member may state the facts briefly.

ശ്രീമതി. കുസുമം: സർ, പ്രധാനപ്പെട്ട ഒരു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനാണു് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്കു പ്രത്യേകം പ്രോത്സാഹനം നൽകുന്ന ഒരു നയം ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടു്. ഗ്രാന്റു ലഭിക്കുന്ന കാര്യത്തിൽ ചില പ്രത്യേക ബുദ്ധിമുട്ടുകൾ ഇന്നു നേരിടുന്നുണ്ടു്. 1962–63 ലെ grant ഗ്രേഡേഷൻ കമ്മിറ്റി പരിശോധിച്ചതിനു ശേഷം ശുപാർശചെയ്തിട്ടുള്ള എഴുപതു ഗ്രന്ഥശാലകൾക്കു് ഇനിയും അനുവദിച്ചിട്ടില്ല. ഡി. ഈ ഓ. മാർ, എം. എൽ. എ. മാർ അതുപോലെതന്നെ ഗ്രന്ഥശാലാ പ്രതിനിധികൾ ഇവർ അടങ്ങിയ ഉത്തരവാദിത്വമുള്ള ഒരു കമ്മിറ്റി ഗ്രന്ഥശാല ഓരോന്നും സന്ദർശിച്ചു്, മുൻവർഷത്തെ ഗ്രാന്റിന്റെ ഉപയോഗം നിഷ്കർഷയോടുകൂടി പരിശോധിച്ചതിനു ശേഷമാണു് ഗ്രാന്റിനുവേണ്ടി ശുപാർശ ചെയ്തിട്ടുള്ളതു്. വീണ്ടും എ. ഇ. ഓ. മാരും, ഡി. ഇ. ഓ. മാരും,യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റു് ഹാജരാക്കിയതിനു ശേഷമേ ഗവണ്മെന്റു ഈ ഗ്രാന്റു അനുവദിക്കുന്നുള്ള. Gradation Committee ശുപാർശ ചെയ്ത ഗ്രാന്റു് എഴുപതു ഗ്രന്ഥശാലകൾക്കു് ഗവണ്മെന്റു നിഷേധിച്ചിരിക്കുകയാണു്. എന്തു കാരണത്താൽ നിഷേധിച്ചു എന്നു തീർത്തു പറയുന്നില്ല. അനുവദിച്ചിട്ടുള്ള ഗ്രാന്റുതന്നെ ബിൽ ക്യാഷ്ചെയ്യുന്നതിനുമുൻപു് വീണ്ടും യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റു ആവശ്യപ്പെടുകയാണു്. നൂറോ, ഇരുനൂറോ രൂപാ ഗ്രാന്റു നൽകിയാൽ അതിൽ എഴുപത്തഞ്ചു ശതമാനം രണ്ടുമാസത്തിനുള്ളിൽ പുസ്തകങ്ങളം വാങ്ങാൻ വിനിയോഗിക്കണമെന്നു നിർബ്ബന്ധമുണ്ടു്. ബാക്കി 25 ശതമാനം കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചു് ചെലവഴിക്കാവുന്നതാണു്. 25% ചെലവഴിക്കുന്നരീതിയെങ്ങനെയെന്നാണു വീണ്ടും വീണ്ടും പരിശോധന നടത്തുന്നതു്. നാടൻ ഭാഷയിൽ പറയാറുണ്ടു്. 'കടുകു ചോരുന്നതു കാണാം തേങ്ങാ ചോരുന്നതു കാണുകയില്ല എന്നു്. 1963-64 വർഷത്തേക്കുള്ള ഗ്രഡേഷൻ കമ്മിറ്റിയുടെ ശുപാർശ ഇനിയും കിട്ടിയിട്ടില്ല റീജിയനൽ ബേസിസ്സിലാണു കമ്മിറ്റി സംഘടിപ്പിച്ചിട്ടുള്ളതു്. ഓരോ റീജിയനിലും മുക്കിലും മൂലയിലുമുള്ള ഗ്രന്ഥശാലകളം നേരിട്ടു പരിശോധിക്കാൻ വളരെയധികം സമയം എടുക്കുമെന്നുള്ളതുകൊണ്ടു്, റീജയനൽ അടിസ്ഥാനത്തിൽ കമ്മിറ്റിയെ നിയോഗിക്കണമെന്നു നിശ്ചയിച്ചപ്പോൾ വളരെ നേരത്തേ നിയോഗിക്കാമായിരുന്നു. ഇനിയും അവരുടെ റിപ്പോർട്ടു സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. അടുത്ത വർഷത്തിലെങ്കിലും ഗ്രാന്റു സമയത്തിനു കൊടുക്കാൻ കഴിയുന്ന രീതിയിൽ ഡിസ്ട്രിക്റ്റടിസ്ഥാനത്തിൽ കമ്മിറ്റിയെ നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. കമ്മിറ്റിയുടെ ചെലവു ചുരുക്കുന്നതിനും ഈ നടപടി ഉപകരിക്കുമെന്ന അഭിപ്രായമാണെനിക്കുള്ളതു്. ഈ വക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു കഴിയുന്നതും വേഗം ഗ്രന്ഥശാലകൾക്കു ഗ്രാന്റു ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly